# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3293 | 14.07.2015-ലെ മറുപടിയ്ക്ക് |
|---|---|

### ചരക്ക് സേവനനികുതിമൂലം ഉണ്ടാകുന്ന വ്യതിയാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി. പി. മുഹമ്മദ്** | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ചരക്ക് സേവന നികുതി ഘടന പരിഷ്കരിക്കുമ്പോൾ കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനത്തിന് വരുമാനത്തിൽ ഉണ്ടാകുന്ന വ്യതിയാനം കണ്ടെത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ ? | (എ) | പ്രാപ്യ സ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവ്വീസ് മേഖല കൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി നേട്ടമാകുമെന്നാണ് പ്രാഥമിക വിലയിരുത്തൽ. എന്നാൽ ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ വിവിധ സംസ്ഥാന നികുതികൾ ലയിപ്പിക്കുമ്പോൾ ഉണ്ടായേക്കാവുന്ന റവന്യൂ നഷ്ടം കണക്കിലെടുത്ത് നിലവിലെ നികുതി വരുമാനം സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തിന് ബാധകമായ റവന്യൂ ന്യൂട്രൽ റേറ്റ് എത്രയായിരിക്കണം എന്നതിനെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന പഠനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ